**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3944** **27-10-2021 - ൽ മറുപടിയ്ക്ക്**

**ഔദ്യോഗിക പട്ടികയിൽ നിന്നും ഒഴിവാക്കപ്പെട്ട കോവിഡ് മരണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീമതി കെ.കെ.രമ,<br>ശ്രീ. സജീവ് ജോസഫ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാരിന്റെ ഔദ്യോഗിക പട്ടികയിൽ നിന്നും ഒഴിവാക്കപ്പെട്ട 7000 പുതിയ കോവിഡ് മരണങ്ങൾ ലിസ്റ്റിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | 2020 ജനുവരി 30 മുതൽ 2021 ജൂൺ 17 വരെ കാലഘട്ടത്തിൽ മരണപ്പെട്ടതും ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള മരണപ്പട്ടികയിൽ ഉൾപ്പെടാത്തതുമായ കോവിഡ് മരണങ്ങൾ ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർമാരെ ചുമതലപ്പെടുത്തി 14/10/2021-ലെ സ.ഉ.(സാധാ)2219/2021/ആ.കു.വ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. |
| (ബി) | ഇതിൽ ഭൂരിഭാഗവും കോവിഡ് ആശുപത്രികളിൽ ചികിൽസയിലിരിക്കെ ഉണ്ടായ മരണങ്ങളാണ് എന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | 2020 ജനുവരി 30 മുതൽ 2021 ജൂൺ 17 വരെ കാലഘട്ടത്തിൽ മരണപ്പെട്ടതും ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള മരണപ്പട്ടികയിൽ ഉൾപ്പെടാത്തതുമായ കോവിഡ് മരണങ്ങൾ ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർമാരെ ചുമതലപ്പെടുത്തി 14/10/2021-ലെ സ.ഉ.(സാധാ)2219/2021/ആ.കു.വ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. |
| (സി) | പ്രസ്തുത മരണങ്ങൾ സർക്കാരിന്റെ ഔദ്യോഗിക പട്ടികയിൽ നിന്നും ഒഴിവാക്കപ്പെടാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ; | (സി) | കേരളത്തിൽ കോവിഡ് മഹാമാരിയുടെ തുടക്കം മുതൽ കോവിഡ്-19 മൂലമുള്ള മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നത് ICMR – ന്റെയും ലോകാരോഗ്യ സംഘടനയുടേയും മാർഗ്ഗ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് രോഗിയുടെ രോഗവിവരവും ചികിത്സയും മരണ കാരണവും ഉൾപ്പെടുത്തിയുള്ള മെഡിക്കൽ ബുള്ളറ്റിൻ കോവിഡ് -19 രേഖപ്പെടുത്തിയിട്ടുള്ള പരിശോധനാഫലം LDMS പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവരവും (SRFID) ലഭ്യമാണോ എന്ന് പരിശോധിക്കുകയും |

| | | | |
|---|---|---|---|
| | | | മരണപ്പെട്ടതിനു ശേഷം ആശുപത്രിയിൽ എത്തിച്ചിട്ടുള്ളവരുടെ RTPCR പരിശോധനാഫലവും പരിശോധിച്ചാണ് കോവിഡ് - 19 മരണം റിപ്പോർട്ട് ചെയ്യുന്നത്. മരണം ഓൺലൈനായി റിപ്പോർട്ട് ചെയ്യുവാൻ തുടങ്ങിയ 2021 ജൂൺ 18 ന് മുമ്പ് ഏതെങ്കിലും രേഖകളുടെയും മറ്റും അഭാവത്തിൽ കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടാതെ പോയ മരണങ്ങളാണ് പരിശോധിച്ച് പട്ടികയിൽ ചേർക്കാൻ ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് ചുമതല നൽകിക്കൊണ്ട് G.O.(Rt)No. 2219/2021/H&FWD, dated 14-10-2021 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. അതു പ്രകാരം 18/06/2021 ന് മുൻപ് ഉണ്ടായിട്ടുള്ള കോവിഡ് മരണങ്ങളിൽ ഔദ്യോഗികമായി പ്രസിദ്ധീകരിക്കാത്ത മരണങ്ങൾ കണ്ടെത്തുവാനും അവ പ്രസിദ്ധീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) | ഇതിൽ കൂടുതൽ കോവിഡ് മരണങ്ങൾ ഔദ്യോഗിക പട്ടികയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | കേരളത്തിൽ കോവിഡ് മഹാമാരിയുടെ തുടക്കം മുതൽ കോവിഡ്-19 മൂലമുള്ള മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നത് ICMR – ന്റെയും ലോകാരോഗ്യ സംഘടനയുടേയും മാർഗ്ഗ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് .രോഗിയുടെ രോഗവിവരവും ചികിത്സയും മരണ കാരണവും ഉൾപ്പെടുത്തിയുള്ള മെഡിക്കൽ ബുള്ളറ്റിൻ കോവിഡ് -19 രേഖപ്പെടുത്തിയിട്ടുള്ള പരിശോധനാഫലം LDMS പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവരവും (SRFID) ലഭ്യമാണോ എന്ന് പരിശോധിക്കുകയും മരണപ്പെട്ടതിനു ശേഷം ആശുപത്രിയിൽ എത്തിച്ചിട്ടുള്ളവരുടെ RTPCR പരിശോധനാഫലവും പരിശോധിച്ചാണ് കോവിഡ് - 19 മരണം റിപ്പോർട്ട് ചെയ്യുന്നത്. മരണം ഓൺലൈനായി റിപ്പോർട്ട് ചെയ്യുവാൻ തുടങ്ങിയ 2021 ജൂൺ 18 ന് മുമ്പ് ഏതെങ്കിലും രേഖകളുടെയും മറ്റും അഭാവത്തിൽ കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടാതെ പോയ മരണങ്ങളാണ് പരിശോധിച്ച് പട്ടികയിൽ ചേർക്കാൻ ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് ചുമതല നൽകിക്കൊണ്ട് G.O.(Rt)No. 2219/2021/H&FWD, dated 14-10-2021 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. അതു പ്രകാരം 18/06/2021 ന് മുൻപ് ഉണ്ടായിട്ടുള്ള കോവിഡ് മരണങ്ങളിൽ ഔദ്യോഗികമായി പ്രസിദ്ധീകരിക്കാത്ത മരണങ്ങൾ കണ്ടെത്തുവാനും അവ പ്രസിദ്ധീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ